

TUESDAY 12-07-2022 ചൊവ്വാഴ്ച

# FIB FARM NEWS

## എഫ് ഐ ബി കാർഷിക വാർത്തകൾ


## FARM INFORMATION BUREAU

**Agriculture Development & Farmer's Welfare Department**

**Government of Kerala**

**Chief Editor : Suraj S** **Editor : Dr Asha T T**

Farm Information Bureau, Kowdiar, Thiruvananthapuram -695003

Web site : fibkerala.gov.in, E-mail : piofibtvm@gmail.com, fibnewstvm@gmail.com

Telephone : 0471 - 2318186,2317314

**GOVERNMENT OF KERALA**
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT

**FARM INFORMATION BUREAU**

Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:**piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

# എഫ് ഐ ബി കാർഷികവാർത്തകൾ (FIB FARM NEWS)-12/07/2022.

1. കാർഷിക അടിസ്ഥാന സൗകര്യ മേഖലയിലേക്ക് കൂടുതൽ നിക്ഷേപം ലഭ്യമാക്കി കാർഷിക മേഖലയെ ശക്തിപ്പെടുത്തുന്നതിനായി രൂപീകരിച്ച ധനസഹായ പദ്ധതിയായ കാർഷിക അടിസ്ഥാന സൗകര്യ വികസന നിധി (അഗ്രിക്കൾച്ചർ ഇൻഫ്രാസ്ട്രക്ച്ചർ ഫണ്ട് -AIF) നടപ്പിലാക്കുന്നു. ഈ ധനസഹായ പദ്ധതിയുടെ സവിശേഷതകൾ ഇനി പറയുന്നു. 2020-21 മുതൽ 2032-33 വരെ 13 വർഷമാണ് പദ്ധതിയുടെ കാലാവധി. 2 കോടി രൂപ വരെ 3 ശതമാനം പലിശ ഇളവ് പദ്ധതി പ്രകാരം ലഭിക്കുന്നതാണ്. 2 കോടി രൂപ വരെയുള്ള വായ്പകൾക്ക് ഗവൺമെന്റ് ക്രെഡിറ്റ് ഗ്യാരണ്ടി നൽകുന്നതാണ്. 2 വർഷം മൊറട്ടോറിയം ഉൾപ്പെടെ 7 വർഷമാണ് തിരിച്ചടവ് കാലാവധി. കേന്ദ്രസംസ്ഥാന സർക്കാരുകളുടെ വിവിധ പദ്ധതികളുടെ ആനുകൂല്യങ്ങളും ഇതോടൊപ്പം ലഭ്യമാകുന്നതാണ്. വാണിജ്യ ബാങ്കുകൾ, സഹകരണ ബാങ്കുകൾ, പ്രാദേശിക ഗ്രാമീണ ബാങ്കുകൾ, എൻ ബി എഫ് സി-കൾ, എൻ.സി.ഡി.സി, കേരള ബാങ്ക് തുടങ്ങിയ ധനകാര്യ സ്ഥാപനങ്ങൾ മുഖാന്തിരം വായ്പ ലഭ്യമാകും. കേന്ദ്ര സർക്കാർ സഹായത്തോടു കൂടി പ്രവർത്തിക്കുന്ന https://agriinfra.dac.gov.in/ എന്ന ഓൺലൈൻ പോർട്ടൽ വഴിയാണ് അപേക്ഷ നൽകേണ്ടത്. കൂടുതൽ വിവരങ്ങൾക്ക് **916235277042 (തിരുവനന്തപുരം, കൊല്ലം, പത്തനംതിട്ട, ആലപ്പുഴ, കോട്ടയം) , 917010994083 (ഇടുക്കി, എറണാകുളം), 918075480273 (തൃശൂർ, പാലക്കാട്, മലപ്പുറം), 918921785327 (വയനാട്, കോഴിക്കോട്), 918547565214 (കണ്ണൂർ, കാസർകോഡ്)** എന്നീ ഫോൺ നമ്പരുകളിൽ ബന്ധപ്പെടുക.

2. തോട്ടങ്ങളിൽനിന്ന് റബ്ബർപാൽ സംഭരിച്ച് വിപണനം നടത്തുമ്പോൾ കർഷകർ ശ്രദ്ധിക്കേണ്ട കാര്യങ്ങളെക്കുറിച്ചറിയാൻ റബ്ബർബോർഡിന്റെ കോൾസെന്ററുമായി ബന്ധപ്പെടാം. ഇതു സംബന്ധമായ സംശയങ്ങൾക്കും ചോദ്യങ്ങൾക്കും റബ്ബർബോർഡ് പങ്കാളിത്തത്തോടെ പ്രവർത്തിക്കുന്ന കമ്പനിയായ മണിമലയാർ റബ്ബേഴ്സിന്റെ മാനേജിങ് ഡയറക്ടർ മറുപടി പറയും. ഈ പ്രത്യേക 'ഫോൺ-ഇൻ' പരിപാടിയിലേക്ക് നാളെ (ജൂലൈ 13) രാവിലെ 10 മുതൽ ഉച്ചയ്ക്ക് ഒരു മണിവരെ **0481 2576622** എന്ന ഫോൺ നമ്പരിൽ വിളിക്കാവുന്നതാണ്.

GOVERNMENT OF KERALA
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT

**FARM INFORMATION BUREAU**

Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:**piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

3. കേരള സംസ്ഥാന ജൈവവൈവിധ്യ ബോർഡ് 2021-22 ലെ **ഹരിത വ്യക്തി, മികച്ച സംരക്ഷക കർഷകൻ, മികച്ച സംരക്ഷക കർഷക** തുടങ്ങിയ ജൈവവൈവിധ്യ പുരസ്കാരങ്ങൾക്ക് അപേക്ഷകളും നാമനിർദ്ദേശങ്ങളും ക്ഷണിക്കുന്നു.

- **ഹരിത വ്യക്തി (കൃഷി ഒഴികെയുള്ള ജൈവവൈവിധ്യ രംഗം -ഉദാ: കാവ്, പുഴ,തോട്, കൽ, കുളം)** കാട്, ജലാശയങ്ങൾ, തണ്ണീർത്തടങ്ങൾ, കണ്ടൽക്കാടുകൾ, കൊറ്റില്ലങ്ങൾ, സമുദ്ര ജൈവവൈവിധ്യം തുടങ്ങിയ പ്രകൃതി സമ്പത്തുക്കളെ സംരക്ഷിക്കുകയോ ഇത്തരം പ്രകൃതി സമ്പത്തുകൾ സ്വയമേവ രൂപപ്പെടുത്തി ലാഭേച്ഛ കൂടാതെ സംരക്ഷിക്കുകയും, ജനങ്ങൾക്കിടയിൽ ജൈവ വൈവിധ്യ സംരക്ഷണത്തെ കുറിച്ച് പ്രചാരണം നടത്തുകയും ചെയ്യുന്ന വ്യക്തികളെയായിരിക്കും ഹരിത വ്യക്തി അഥവാ ജൈവ വൈവിധ്യ പരിസ്ഥിതി സംരക്ഷകൻ എന്ന വിഭാഗത്തിൽ പരിഗണിക്കുക. ഔദ്യോഗിക ജോലിയുടെ ഭാഗമായി ചെയ്യുന്ന പ്രവർത്തനങ്ങൾ പരിഗണിക്കില്ല.

- **മികച്ച സംരക്ഷക കർഷകൻ, മികച്ച സംരക്ഷക കർഷക**

ഒട്ടേറെ കാർഷിക വിളകളുടെയും ഔഷധ സസ്യങ്ങളുടെയും സംരക്ഷണത്തിനു മാതൃകാപരമായ പ്രവർത്തനം കാഴ്ചവയ്ക്കുന്ന വ്യക്തികളെ ഈ അവാർഡിനായി നാമനിർദ്ദേശം ചെയ്യാവുന്നതാണ്. അപൂർവ്വവും, വംശനാശഭീഷണി നേരിടുന്നതുമായ വിളയിനങ്ങൾ സംരക്ഷിക്കുന്ന വ്യക്തികൾക്കും, കാർഷിക ജനിതക വൈവിധ്യം സംരക്ഷിക്കുന്ന കർഷകർക്കും മുൻഗണന നൽകുന്നതാണ്. ഇവയുടെ വിത്തുകളും നടീൽ വസ്തുക്കളും നട്ടുവളർത്തി മറ്റുള്ളവർക്ക് ലഭ്യമാക്കി ഇവയെ വംശനാശത്തിൽ നിന്നും രക്ഷിക്കുന്ന വിധ സംരക്ഷണ രംഗത്ത് നടത്തുന്ന നൂതന കണ്ടുപിടിത്തങ്ങൾക്കും പരിഗണന നൽകുന്നതാണ്. ഔദ്യോഗിക ജോലിയുടെ ഭാഗമായി ചെയ്യുന്ന പ്രവർത്തനങ്ങൾ പരിഗണിക്കില്ല. തദ്ദേശീയജാതികളെ സംരക്ഷിക്കുന്നതിനുള്ള പ്രവർത്തനങ്ങൾക്കാണ് അവാർഡുകൾ നൽകുന്നത്.

വിശദവിവരങ്ങളും അപേക്ഷകയുടെ മാതൃകയും www.keralabiodiversity.org എന്ന വെബ്സൈറ്റിൽ ലഭ്യമാണ്. കൂടുതൽ വിവരങ്ങൾക്ക് 0471 2724740 എന്ന ഫോൺ നമ്പരിൽ ബന്ധപ്പെടുക.

4. പഠന ഗവേഷണമേഖലകളിൽ മികവു പുലർത്തിയ ശാസ്ത്രജ്ഞരെയും വിദ്യാർത്ഥികളെയും ആദരിക്കുന്നതിനായി നാളെ (ജൂലായ് 13) രാവിലെ 10.30 ന്, വെറ്ററിനറിസർവ്വകലാശാലയുടെ മണ്ണുത്തി വെറ്ററി

നറി കോളേജ് കാമ്പസ്സിൽ സർവ്വകലാശാലയുടെ മെരിറ്റ് ദിനം ആചരിക്കുന്നു. വെറ്ററിനറി സർവ്വകലാശാല വൈസ് ചാൻസലർ പ്രൊഫ. (ഡോ.) എം ആർ ശശീന്ദ്രനാഥ് അദ്ധ്യക്ഷം വഹിക്കുന്ന ചടങ്ങിൽ വെറ്ററിനറി കൗൺസിൽ ഓഫ് ഇൻഡ്യയുടെ പ്രസിഡന്റ്, ഡോ. ഉമേഷ്ചന്ദ്ര ശർമ്മ മുഖ്യാതിഥിയാകും.

5. കുടപ്പനക്കുന്ന് പ്രാദേശിക കോഴി വളർത്തൽ കേന്ദ്രത്തിൽ നിന്നും ഒരു ദിവസം പ്രായമായ കോഴി കുഞ്ഞുങ്ങൾ 10 രൂപ നിരക്കിൽ വിൽപ്പനയ്ക്ക് ലഭ്യമാണ്. എല്ലാ പ്രവർത്തി ദിവസങ്ങളിലും 10 മണി മുതൽ 3 മണി വരെ രജിസ്റ്റർ ചെയ്യാവുന്നതാണ്. ഇന്ന് (ജൂലൈ 12) വിൽപ്പന ഉണ്ടായിരിക്കുന്നതാണ്. കൂടുതൽ വിവരങ്ങൾക്ക് **0471 2730804** എന്ന ഫോൺ നമ്പരിൽ ബന്ധപ്പെടുക.

6. സംസ്ഥാന പൗൾട്രി വികസന കോർപ്പറേഷന് വേണ്ടി ഇറച്ചിക്കോഴികളെ വളർത്തി നൽകാൻ താൽപര്യമുള്ളവരിൽ നിന്നും അപേക്ഷകൾ ക്ഷണിക്കുന്നു. അപേക്ഷകൾ മാനേജിംഗ് ഡയറക്ടർ, കെപ്കോ, പേട്ട, തിരുവനന്തപുരം എന്ന മേൽവിലാസത്തിൽ ലഭിക്കേണ്ടതാണ്. കൂടുതൽ വിവരങ്ങൾക്ക് **9495000922, 9495000915, 9495000918** എന്നീ ഫോൺ നമ്പരുകളിൽ ബന്ധപ്പെടുക.

**പരിശീലന പരിപാടികൾ**

7. കാർഷിക സർവകലാശാലയിലെ ഹൈടെക്ക് റിസർച്ച് ആന്റ് ട്രെയിനിങ്ങ് യൂണിറ്റിൽ ഈ മാസം **20,21,22** (ജൂലൈ 20,21,22) തീയതികളിൽ പച്ചക്കറി കൃഷിക്കൊപ്പം മീൻ വളർത്തൽ കൂടി സാധിക്കുന്ന **അക്വാപോണിക്സ്** എന്ന കൃഷിരീതിയിൽ മൂന്ന് ദിവസത്തെ പരിശീലനം നടത്തുന്നു. വിവിധതരം അക്വാപോണിക്സ് സിസ്റ്റം രൂപകൽപ്പനകൾ, നിർമ്മാണം, പ്രവർത്തന ഉപയോഗ പരിപാലന രീതികൾ, വാട്ടർ ക്വാളിറ്റി ടെസ്റ്റിംഗും നിയന്ത്രണ മാർഗങ്ങളും, വള പ്രയോഗ മാർഗങ്ങൾ, രോഗകീടനിയന്ത്രണം, വിളകളുടെ പരിപാലനം എന്നിവയെക്കുറിച്ച് ക്ലാസുകൾ ഉണ്ടായിരിക്കുന്നതാണ്. താൽപര്യമുള്ളവർ **0487 2960079, 9037033547** എന്നീ ഫോൺ നമ്പരുകളിൽ വിളിച്ച് പേര് രജിസ്റ്റർ ചെയ്യേണ്ടതാണ്.

8. വലിയതുറ തീറ്റപ്പുൽകൃഷി വികസന പരിശീലന കേന്ദ്രത്തിൽ വച്ച് **തീറ്റപ്പുൽകൃഷിയും, അസോള, ഹൈഡ്രോപോണിക്സ്, സൈലേജ് നിർമ്മാണം** തുടങ്ങിയ വിഷയങ്ങളിൽ പ്രായോഗിക പരിശീലനം ഉൾപ്പെടെ ക്ലാസ്സുകൾ സംഘടിപ്പിക്കുന്നു. ആദ്യം രജിസ്റ്റർ ചെയ്ത 30 പേരെയാണ് പരിശീലനത്തിൽ പങ്കെടുപ്പിക്കുന്നത്. താൽപര്യമുള്ളവർ ഈ മാസം 15 (ജൂലൈ 15) വൈകുന്നേരം 5 മണിയ്ക്ക് മുമ്പ്

**0471-2501706** എന്ന ഫോൺ നമ്പരിലോ, **8078599881, 9400831831** എന്നീ വാട്ട്സാപ്പ് നമ്പർ മുഖേനയോ, sfftraining2021@gmail.com എന്ന ഇ-മെയിൽ വിലാസത്തിലോ അവരുടെ പേര്, മേൽവിലാസം എന്നിവ അറിയിക്കേണ്ടതാണ്. 30 പേര് തികയുന്ന സാഹചര്യത്തിൽ പരിശീലന തീയതി, സമയം എന്നിവ നേരിട്ട് വിളിച്ചറിയിക്കുന്നതാണ്.

9. മലമ്പുഴ മൃഗസംരക്ഷണ കേന്ദ്രത്തിൽ വച്ച് ഈ മാസം 14-ന് (ജൂലൈ 14) രാവിലെ 10 മണി മുതൽ 4 മണി വരെ **പശു വളർത്തൽ** വിഷയത്തിൽ പരിശീലനം ഉണ്ടായിരിക്കുന്നതാണ്. പങ്കെടുക്കുന്നവർ ആധാർ കാർഡിന്റെ കോപ്പി കൊണ്ടുവരേണ്ടതാണ്. താൽപ്പര്യമുള്ളവർ **0491-2815454, 9188522713** എന്നീ ഫോൺ നമ്പരുകളിൽ വിളിച്ച് പേര് രജിസ്റ്റർ ചെയ്യേണ്ടതാണ്.

10. തിരുവല്ല മഞ്ഞാടി ഡക്ക് ഹാച്ചറി പരിശീലന കേന്ദ്രത്തിൽ വച്ച് ഈ മാസം 13,14 (13/07/22, 14/07/22) തീയതികളിൽ രാവിലെ 10 മുതൽ 5 വരെ **ആട് വളർത്തൽ** എന്ന വിഷയത്തിൽ നേരിട്ട് സൗജന്യ പരിശീലന ക്ലാസ്സ് നടത്തുന്നു. താൽപര്യമുള്ളവർ **0469-2965535** എന്ന ഫോൺ നമ്പരിൽ വിളിച്ചോ **9188522711** എന്ന വാട്ട്സാപ്പ് നമ്പരിൽ വാട്ട്സാപ്പ് സന്ദേശം അയച്ചോ പേര് രജിസ്റ്റർ ചെയ്യേണ്ടതാണ്.

11. പത്തനംതിട്ട ജില്ലയിലെ അടൂർ അമ്മകണ്ടകരയിൽ പ്രവർത്തിക്കുന്ന ഡയറി എന്റർപ്രണർഷിപ്പ് ഡെവലപ്പ്മെന്റ് സെന്ററിൽ ഈ മാസം 18 **മുതൽ** 23 **വരെ** (ജൂലൈ 18 **മുതൽ** 23) **ശാസ്ത്രീയ പശുപരിപാലനം** എന്ന വിഷയത്തിൽ പരിശീലനം നടത്തുന്നു. താൽപര്യമുള്ളവർ **04734 299869, 9495390436, 9446453247** എന്നീ ഫോൺ നമ്പരുകളിൽ വിളിച്ചോ വാട്ട്സാപ്പ് സന്ദേശം അയച്ചോ പേര് രജിസ്റ്റർ ചെയ്യേണ്ടതാണ്. പരിശീലനത്തിനു പങ്കെടുക്കുന്നവർ രണ്ട് ഡോസ് കോവിഡ് വാക്സിൻ സ്വീകരിച്ചവർ ആയിരിക്കണം. ആദ്യം രജിസ്റ്റർ ചെയ്യുന്ന 40 പേർക്കാണ് പരിശീലനത്തിൽ പങ്കെടുക്കാൻ സാധിക്കുക.

12. **കേരള കാർഷിക സർവകലാശാല കമ്മ്യൂണിക്കേഷൻ സെന്റർ മണ്ണുത്തി നൽകുന്ന കാർഷിക നിർദ്ദേശങ്ങൾ**

നീർവാർച്ച കുറഞ്ഞ സ്ഥലങ്ങളിൽ പൈനാപ്പിളിന് കുമിൾബാധ മൂലം വേരുചീയലും തണ്ടു ചീയലും കണ്ടു വരുന്നു. രോഗം ബാധിച്ച ചെടിയുടെ മദ്ധ്യഭാഗത്തുള്ള ഇലകൾ എളുപ്പത്തിൽ ഊരിപ്പോരുന്നതും അവയുടെ കടഭാഗം അഴുകി ദുർഗന്ധം വമിക്കുന്നതുമാണ് പ്രധാന ലക്ഷണങ്ങൾ. സ്യൂഡോമോണാസ് എന്ന ബാക്ടീരയപ്പൊടി മണ്ണിൽ ചേർത്തു കൊടുക്കുന്നതു വഴി രോഗം വരുന്നത് തടയാം. ഇതോടൊപ്പം വേരിൽ മീലിമുട്ടകളും കാണുന്നുണ്ട്. **വെർട്ടിസീലിയം** എന്ന **ജീവാണു 20 ഗ്രാം ഒരു ലിറ്റർ വെള്ളത്തിൽ** എന്ന തോതിൽ വേരുഭാഗത്ത് ഒഴിച്ചു കൊടുത്ത് ഇവയെ നിയന്ത്രിക്കാം.

13. **കൊല്ലം ജില്ലയിലെ സദാനന്ദപുരം കൃഷി വിജ്ഞാന കേന്ദ്രത്തിൽ പ്രവർത്തിച്ചുവരുന്ന ഡിസ്ട്രിക്ട് അഗ്രോമെറ്റ് യൂണിറ്റ് നൽകുന്ന കാർഷിക നിർദ്ദേശങ്ങൾ**

പയറിൽ ഫ്യൂസേറിയം വാട്ടം/ വള്ളിയുണക്കം കണ്ടു വരുന്നു. പയറിൽ മണ്ണിനു തൊട്ടുമുകളിലുള്ള തണ്ട് ചീഞ്ഞു വള്ളി വാടുന്നതാണ് രോഗ ലക്ഷണം. രോഗം തടയുന്നതിനായി അധിക ജലസേചനം ഒഴിവാക്കുകയും വിളവെടുത്ത് കഴിഞ്ഞ വള്ളികൾ നശിപ്പിക്കുകയും ചെയ്യുക. ട്രൈക്കോഡെർമ സമ്പുഷ്ടീകരിച്ച ചാണകം തടത്തിൽ ഇട്ടു കൊടുക്കുക. 20 ഗ്രാം പച്ചച്ചാണകം 1 ലിറ്റർ വെള്ളത്തിൽ കലക്കി തെളിയെടുത്ത് 20 ഗ്രാം സ്യൂഡോമോണസ് ചേർത്ത് ചുവട്ടിൽ ഒഴിച്ച് കൊടുക്കുക. രോഗബാധയേറ്റ ചെടികൾക്ക് **സാഫ് 3 ഗ്രാം/ ലിറ്റർ** എന്ന തോതിൽ ചെടിയുടെ ചുവട്ടിലായി ഒഴിച്ച് കൊടുക്കുക.